# ത കം പു സ് ത കം പു സ്

## G K ഒരു വിജയപാത

നൗഷാദ് അരീക്കോട്




**പൊതു** വിജ്ഞാനത്തിന്റെ വിശാലമായ ലോകത്തേക്ക് വാതിൽ തുറക്കുന്ന പുസ്തകമാണ് 'ജി.കെ ഒരു വിജയപാത.' അനന്തമാണ് പൊതു അറിവിന്റെ(ജനറൽ നോളജ്) ലോകം. അറിവ് അധികാരമാണ്, ആയുധമാണ്. അറിവുള്ളവർ അംഗീകാരത്തിനും ആദരവിനും അർഹരാകുന്നു. അതുകൊണ്ട് തന്നെയാണ് മത്സരപ്പരീക്ഷകളിൽ പൊതുവിജ്ഞാനത്തിന് വലിയ പ്രാധാന്യം കൽപിക്കുന്നത്. ജനറൽ നോളജ് ആർജിക്കുകയെന്നത് നിരന്തരം ചെയ്യേണ്ട ഒന്നാണ്. വിശ്രമരഹിതമായ പരിശ്രമം അതിന് ആവശ്യമാണ്. പരസ്പരം ബന്ധപ്പെടുത്തി ഒരുമപ്പെടുത്തി ഓർമിക്കുകയെന്ന തത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. രസകരമായി വായിച്ചു നീങ്ങാവുന്ന ഈ ഗ്രന്ഥം മത്സരപ്പരീക്ഷകൾക്ക് തയാറെടുക്കുന്നവർക്ക് പ്രയോജനകരമാണ്. പ്രസാധനം: സെന്റർ ഫോർ കരിയർ ആന്റ് ഗൈഡൻസ്, മർകസ്, കൊണ്ടോട്ടി, മലപ്പുറം - 673 638. പേജ് 248, വില 100.

## ടീനേജും കാമ്പസും നമ്മുടെ സമൂഹവും

മുരളീധരൻ മുല്ലമറ്റം



**മൂല്യങ്ങൾക്ക്** വിലകൽപിക്കാത്ത പുതിയൊരു തലമുറയാണ് നമ്മുടെ കാമ്പസുകളിലൂടെ ഇന്ന് വളർന്നുവരുന്നത്. ആദർശങ്ങൾ കൈവെടിഞ്ഞ് ആസ്വാദനങ്ങളുടെ അതിരുകളില്ലാത്ത ലോകത്ത് വിഹരിക്കാനിഷ്ടപ്പെടുന്ന കൗമാര പ്രായക്കാരെക്കുറിച്ച പഠനമാണ് മുരളീധരൻ മുല്ലമറ്റത്തിന്റെ 'ടീനേജും കാമ്പസും നമ്മുടെ സമൂഹവും'. കൗൺസലിംഗുകളിലൂടെയും ക്ലാസ്സുകളിലൂടെയും കൗമാരക്കാരെ അടുത്തറിയുകയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്ന ഗ്രന്ഥകാരൻ അനുഭവങ്ങൾ മുൻനിർത്തിയാണ് പുസ്തകം തയാറാക്കിയിരിക്കുന്നത്. വഴിതെറ്റുന്ന കൗമാരക്കാർ സ്വയം നശിക്കുക മാത്രമല്ല, രക്ഷിതാക്കൾക്കും സമൂഹത്തിനും പലവിധ പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന വർത്തമാനകാലത്ത് ഈ പുസ്തകം എല്ലാവർക്കും ഒരു വെളിച്ചമായിത്തീരുന്നു. പേജ് 123, വില 70. പ്രസാധാനം: വചനം ബുക്സ്, കോഴിക്കോട്.

## നോവിന്റെ വെളിപാട്

നാസർ ഇബ്രാഹീം




**പുതിയ** ശൈലിയിൽ ലളിതമായ ഭാഷയിൽ രചിക്കപ്പെട്ട കവിതകളുടെ സമാഹാരമാണ് നാസർ ഇബ്രാഹീമിന്റെ 'നോവിന്റെ വെളിപാട്'. വർത്തമാനകാലത്തെക്കുറിച്ച കവിയുടെ നൊമ്പരങ്ങളും ഭാവിയെക്കുറിച്ച പ്രതീക്ഷകളുമൊക്കെയാണ് ചെറിയ വരികളിൽ കവി ആവിഷ്കരിച്ചിട്ടുള്ളത്.

ചെറുതും വലുതുമായ മുപ്പത്തിയേഴ് കവിതകളാണ് സമാഹാരത്തിലുള്ളത്. അവതാരിക ഡോ. ജെ.കെ.എസ് വിട്ടൂർ. പേജ് 48, വില 35. നക്ഷത്ര പബ്ലിക്കേഷൻസ്, പി.ബി നമ്പർ 89, ആലപ്പുഴ-1.

## പുസ്തകം പുസ്തകം

### കമലാസുറയ്യ സംസാരിക്കുന്നു
**(അഭിമുഖങ്ങളുടെ സമാഹാരം)**

എഡിറ്റർ. സദ്റുദ്ദീൻ വാഴക്കാട്



**സാഹിത്യ** ചക്രവാളത്തിൽ താരശോഭയോടെ ജ്വലിച്ചു നിൽക്കുന്ന, ജീവിതത്തിലും മരണത്തിലും നമ്മെ വിസ്മയിപ്പിച്ച മഹാപ്രതിഭയായ കമലാ സുറയ്യയുമായുള്ള അഭിമുഖങ്ങളുടെ സമാഹാരം. വിവാദങ്ങൾ വിടാതെ പിന്തുടർന്നപ്പോഴും ചിതറാത്ത ചിത്തത്തോടെ പതറാത്ത പാദങ്ങളോടെ അവർ മുന്നോട്ടു നടന്നു. തന്റെ നിലപാടുകൾ ഉറക്കെ പ്രഖ്യാപിക്കാൻ ആരെയും ഭയന്നില്ല. എഴുത്ത്, വായന, ഭാഷ, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, സ്ത്രീ സ്വാതന്ത്ര്യം, ഫെമിനിസം, മത പരിവർത്തനം, പർദ, വിവാഹമോചനം, വൈധവ്യം, എഴുത്തച്ഛൻ പുരസ്കാര വിവാദം, മാധ്യമങ്ങളുടെ ദുഷ്പ്രചാരണം...... വിവാദവിഷയങ്ങളിലെ സുറയ്യയുടെ നിലപാടുകളും വിമർശനങ്ങൾക്കുള്ള മറുപടികളും ഈ അഭിമുഖങ്ങളിൽ വായിക്കാം. എം.എൻ കാരശ്ശേരി, കെ.പി മോഹനൻ, വി.എം ഗിരിജ, എം. രാജീവ് കുമാർ, ഡോ. ഖാദർ മങ്ങാട്, എം.വി ബെന്നി, ടി.ബി ലാൽ, മുജീബുർറഹ്മാൻ കിനാലൂർ, ഫാത്വിമ സ്വയ, ജാബിർ റഹ്മാൻ തുടങ്ങിയവരുടേതാണ് അഭിമുഖങ്ങൾ. വിതരണം: എഡ്യുമാർട്ട്, ജാഫർഖാൻ കോളനി റോഡ്, കോഴിക്കോട് - 4. പേജ് 144, വില 50.

### ഹജ്ജ് ഒരനുഭവസാക്ഷ്യം

പി.എ സമീന



**ഹജ്ജ്** നിർവഹിച്ച ഒരു സ്ത്രീയുടെ ഹജ്ജ് യാത്രാനുഭവങ്ങളാണ് 'ഹജ്ജ് ഒരനുഭവസാക്ഷ്യം' എന്ന പി.എ സമീനയുടെ കൃതി. ഹജ്ജിന്റെ കർമാനുഷ്ഠാനങ്ങൾ വിവരിക്കുന്നതും ഹജ്ജ് യാത്രാനുഭവങ്ങൾ വിശദീകരിക്കുന്നതുമായ ധാരാളം കൃതികൾ മലയാളത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഒരു സ്ത്രീ എഴുതിയ പുസ്തകം എന്ന പ്രത്യേകതയുണ്ട് ഈ പുസ്തകത്തിന്. ഹജ്ജ് നിർവഹിക്കുമ്പോൾ സ്ത്രീകൾക്ക് ഉണ്ടാകാനിടയുള്ള സംശയങ്ങൾക്കുള്ള ഉത്തരങ്ങൾ അനുഭവവിവരണങ്ങൾക്കിടയിൽ ഗ്രന്ഥകാരി കുറിച്ചിട്ടിട്ടുണ്ട്. യാത്രാ വിവരണ രൂപത്തിലുള്ള പുസ്തകമായതിനാൽ ഒരു കർമശാസ്ത്ര ഗ്രന്ഥത്തേക്കാൾ വായന സുഖകരമാണ്. ഇ.സി ആഇശയുടെ അവതാരിക. പേജ് 112, വില 60. വചനം ബുക്സ്, മാവൂർ റോഡ്, കോഴിക്കോട്.